**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 228 07.08.2017 ൽ മറുപടിക്ക്

താലൂക്ക് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>,, എസ്.രാജേന്ദ്രൻ<br>,, ആന്റണി ജോൺ<br>,, എം. രാജഗോപാലൻ : | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്ക് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 75 താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടും സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ഡോക്ടറുമാരുടെയും മറ്റും അനുബന്ധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ പൂർണ്ണ സൗകര്യങ്ങളുള്ള സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും മറ്റ് ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | 11 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും, 4 താലൂക്ക് ആശുപത്രികളിലും നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പുതുതായി 27 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും, 11 താലൂക്ക് ആശുപത്രികളിലും മറ്റ് ആരോഗ്യകേന്ദ്രങ്ങളിലുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ 44 ഡയാലിസിസ് യൂണിറ്റ് KIIFB- പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ